
15 ഏപ്രിൽ 2013, തിങ്കൾ

# കളരി

Vol : 36
No. 1
uniqvoice.blogspot.com
uniqvoice@gmail.com

കേരള സർവ്വകലാശാലാ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം




## വിഷ ചികിത്സ: പുതിയ സാധ്യതകൾ തേടി ഗവേഷകർ

കാര്യവട്ടം: ഏതിനം പാമ്പാണ് കടിച്ചതെന്ന് രക്തപരിശോധനയിലൂടെ തിരിച്ചറിയാനാകുമോ?എങ്കിൽ പാമ്പിൻ വിഷചികിത്സാരംഗത്ത് അത് വൻനേട്ടമാകും,സംശയമില്ല.ഇത്തരം ഒരു ഗവേഷണത്തിലാണ് കേരളസർവ്വകലാശാലയിലെ ബയോഇൻഫർമാറ്റിക്സ് വിഭാഗത്തിലെ പാമ്പിൻവിഷ ചികിൽസാഗവേഷണകേന്ദ്രം.പാമ്പിൻവിഷഘടങ്ങളെ വേർതിരിച്ചുള്ള പഠനത്തിലൂടെ ഇപ്പോഴുള്ള ചികിത്സാരീതിയിൽ കാര്യമായ മാറ്റങ്ങളുണ്ടാക്കാനുള്ള ശ്രമത്തിലാണിവർ.

ബയോകെമിസ്ട്രി, ഫാർമക്കോളജി, ഇമ്മ്യൂണോളജി, മോളിക്കുലാർ ബയോളജി എന്നീ വിഷയങ്ങളുമായി ബന്ധപ്പെടുത്തി പാമ്പിൻ വിഷ ചേരുവകളെയും വിഷജന്യ വസ്തുക്കളെയും കുറിച്ച് മനസിലാക്കേണ്ടത് വിഷചികിത്സയ്ക്കു അത്യാവശ്യമാണെന്ന് ഈ കേന്ദ്രത്തിലെ മുഖ്യ ശാസ്ത്രജ്ഞൻ ഡോ. ദിലീപ് കുമാർ ആർ പറഞ്ഞു.

പോളീവാലന്റ് ആന്റീവെനം ഉപയോഗിച്ചുള്ള ഇപ്പോഴത്തെ ചികിത്സാരീതിയ്ക്ക് ധാരാളം ന്യൂനതകളുണ്ട്. ഈ ന്യൂനതകളെ മറികടക്കാൻ മോണോവാലന്റ് ആന്റീവെനം ഉപയോഗിച്ചുള്ള ചികിത്സാരീതിയാണ് പരിഹാരം. ഇതിന് ഏതു പാമ്പാണ് കടിച്ചതെന്ന് തിരിച്ചറിയേണ്ടതുണ്ട്. അതിനുതകുന്ന ബയോസെൻസർ സസ്യങ്ങളിൽ നിന്ന് വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിലാണ് തങ്ങളെന്ന് ഡോ. ദിലീപ് കുമാറും റിസർച്ച് ഫെലോ അനശ്വര കൃഷ്ണനും പറഞ്ഞു.

വിഷചികിത്സാ ഗവേഷണത്തിനും വികസനത്തിനും വിവിധതരം പാമ്പിൻ വിഷങ്ങളെക്കുറിച്ചുള്ള അറിവുകളുടെ ശേഖരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തിലാണ് വെനം ഇൻഫർമാറ്റിക്സ് സെന്റർ പ്രവർത്തനം തുടങ്ങിയത്. പാമ്പുകളുടെ സംരക്ഷണം, വിവിധതരം പാമ്പുകളെക്കുറിച്ചുള്ള പഠനം, പാമ്പിൻ വിഷത്തിന്റെ മനുഷ്യശരീരത്തിലെ പ്രവർത്തനം എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകിയാണ് ഇവിടെ ഗവേഷണങ്ങൾ പുരോഗമിക്കുന്നത്.

—രാജീവ് പി.റ്റി.

# മാധ്യമ പ്രവർത്തകർക്ക് ചരിത്രബോധം കുറയുന്നു: ബൈജു ചന്ദ്രൻ

**നിസിൻ സൂസൻ വർഗ്ഗീസ്**

കാര്യവട്ടം: പുതിയ തലമുറയിലെ പത്രപ്രവർത്തകർക്ക് ചരിത്രം, സംസ്കാരം, രാഷ്ട്രീയം എന്നിവയിലുള്ള അവഗാഹം കുറവാണെന്ന് പ്രശസ്ത മാധ്യമപ്രവർത്തകനും തിരുവന്തപുരം ദൂരദർശൻ കേന്ദ്രത്തിന്റെ അസി . ഡയറക്ടറുമായ ബൈജു ചന്ദ്രൻ അഭിപ്രായപ്പെട്ടു. കേരള സർവ്വകലാശാലയിലെ കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വിഭാഗം സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ഓർമ്മയ്ക്കായി മാർച്ച് 26 ന് സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതു തലമുറയ്ക്ക് ചരിത്രവും നൊസ്റ്റാൾജിയയും അശ്ലീലപദങ്ങളായിരിക്കുന്നു. ഈ അവബോധമില്ലായ്മയാണ് ഇന്നത്തെ യുവ മാധ്യമ പ്രവർത്തകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. കേരളത്തിലെ പത്രപ്രവർത്തന രംഗം നിരവധി മഹാന്മാരുടെ സംഭാവനകൊണ്ട് അനുഗൃഹീതമാണ്. കേസരിബാലകൃഷ്ണ പിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കെ. പി. കേശവമേനോൻ, കെ. ബാലകൃഷ്ണൻ തുടങ്ങിയവരുടെ മികച്ച പ്രവർത്തനചാതുര്യം മലയാള പത്രപ്രവർത്തനത്തിന് മുതൽക്കൂട്ടായി. എന്നാൽ പുതു തലമുറയിൽപ്പെട്ട പലർക്കും ഇവർ അജ്ഞാതരാണ്. നാടിന്റെ രാഷ്ട്രീയ-സാമൂഹിക സാംസ്കാരിക ചരിത്രത്തെ സംബന്ധിച്ച മാധ്യമ പ്രവർത്തകരുടെ ഈ അജ്ഞത ഗുരുതരമായ വീഴ്ചകളിലേക്ക് നയിക്കാം. അതിനാൽ, സർവ്വകലാശാലകൾ മാധ്യമപഠനത്തിൽ ചരിത്രത്തിനു പ്രാധാന്യം നൽകണം, അദ്ദേഹം പറഞ്ഞു.

ദൃശ്യമാധ്യമങ്ങൾ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അത് ഭാവി തലമുറയെയാണ് പ്രതികൂലമായി ബാധിക്കുക. ഇന്ന് ദൃശ്യമാധ്യമങ്ങൾ ദൃശ്യങ്ങൾക്ക് പ്രാധാന്യം നൽകാതെ വാക്കുകൾ കൊണ്ടുള്ള വിക്രിയകൾക്ക് പിന്നാലെയാണ്. സെൻസേഷണലിസവും പേഴ്സണലൈസേഷനും കൊണ്ട് നിറഞ്ഞിരിക്കുകയാണ് വാർത്താചാനലുകളുടെ ഉള്ളടക്കം. ദൃശ്യമാധ്യമങ്ങളിൽ നിറഞ്ഞു നിന്നുകൊണ്ട് ചുരുങ്ങിയ സമയത്തിനുള്ളൽ മേൽവിലാസമുണ്ടാക്കിയ പലരും തങ്ങൾ എല്ലാറ്റിനും മേലെയാണെന്ന് ഭാവിക്കുന്നു. ഇവർ പുതിയ




*തിരുവന്തപുരം ദൂരദർശൻ കേന്ദ്രം അസി. ഡയറക്ടർ ബൈജു ചന്ദ്രൻ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള സ്മാരക പ്രഭാഷണം നടത്തുന്നു. ഡോ. സുഭാഷ് കുട്ടൻ, വി. എസ്. ശശിഭൂഷണൻ നായർ എന്നിവർ സമീപം.*

കാര്യങ്ങൾ പഠിക്കാൻ തയ്യാറാകുന്നില്ല, അതിനുള്ള സമയവും അവർക്കില്ല. കടുത്ത മത്സരത്തിനിടെ ശ്വാസം വിടാൻ പോലും കഴിയാതെ നെട്ടോട്ടമോടുകയാണ് ഇക്കൂട്ടർ.

ഇന്ത്യയിലെ പ്രക്ഷേപണ രംഗം ബി. ബി. സി. യെ പോലെ കുറ്റമറ്റതും പ്രൊഫഷണലുമാകണം. ഓരം ചേർന്നു നിൽക്കുന്നവരെ അവഗണക്കാതിരിക്കുകയും വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകുകയും ചെയ്യുന്നതാവണം മാതൃകാപരമായ പ്രക്ഷേപണരീതി. ഉന്നതനിലവാരം പുലർത്തുന്ന പരിപാടികൾ എല്ലായിടത്തും എത്തിക്കുന്നതോടൊപ്പം തന്നെ നിർമ്മാതാക്കൾക്ക് ക്രിയാത്മകമായ സ്വാതന്ത്ര്യവും നൽകേണ്ടതുണ്ട്.

മാധ്യമ മേഖല കുറ്റമറ്റതാകണമെങ്കിൽ മികച്ച പരിശീലനം സിദ്ധിച്ചവർ ഈ മേഖലയിലേക്ക് കടന്നുവരേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സ്വാഗതപ്രസംഗത്തിൽ കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം വകുപ്പ് മേധാവി ഡോ. സുഭാഷ് കുട്ടൻ പറഞ്ഞു. അസി. പ്രൊഫസർ ഡോ. എം. എസ്. ഹരികുമാർ നന്ദി പറഞ്ഞു.